# അല്ലാഹുവിന്റെ സ്നേഹം നേടാൻ

عَنْ سَهْلِ بْنِ سَعْدٍ رَضِيَ اللَّهُ عَنْهُ قَالَ جَاءَ رَجُلٌ إِلَى النَّبِيِّ ﷺ فَقَالَ
يَا رَسُولَ اللَّهِ دُلَّنِي عَلَى عَمَلٍ إِذَا عَمِلْتُهُ أَحَبَّنِي اللَّهُ وَأَحَبَّنِي النَّاسُ. فَقَالَ
ازْهَدْ فِي الدُّنْيَا يُحِبُّكَ اللَّهُ وَازْهَدْ فِيمَا عِنْدَ النَّاسِ يُحِبُّكَ النَّاسُ (ابن ماجة)

**സഹ്‌ലുബ്നു സഅ്ദിൽനിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: "ഒരാൾ നബി(സ) യുടെ സന്നിധിയിൽ വന്ന് ആവശ്യപ്പെട്ടു: 'ദൈവദൂതരേ, എനിക്കൊരു കർമം ഉപദേശിച്ചാലും. അതനുഷ്ഠിച്ചാൽ എന്നെ അല്ലാഹു സ്നേഹിക്കണം, ജനങ്ങളും സ്നേഹിക്കണം.' റസൂൽ (സ) അയാളെ ഉപദേശിച്ചു: 'നിങ്ങൾ ദുൻയാവിൽ വിരക്തിയുള്ളവനാവുക; അല്ലാഹു നിങ്ങളെ സ്നേഹിച്ചുകൊള്ളും. ജനങ്ങളുടെ കൈകളിലുള്ളതിൽ വിരക്തനായിരിക്കുക; ജനങ്ങളും നിങ്ങളെ സ്നേഹിച്ചുകൊള്ളും."**

പടച്ചവന്റെയും പടപ്പുകളുടെയും സ്നേഹം നേടാനുള്ള ഉപാധി ദുൻയാവിൽ വിരക്തിയുള്ളവനാവുകയാണ് എന്നത്രെ നബി (സ) ഈ വചനത്തിലൂടെ പഠിപ്പിക്കുന്നത്. ദുൻയാവിനോട് വിരക്തനാവുക എന്നാൽ ലൗകികസുഖഭോഗങ്ങളിൽ വിരക്തനായിരിക്കുക, അനാസക്തനായിരിക്കുക എന്നാണർഥം. സന്യാസം, സർവസംഗപരിത്യാഗം എന്നീ അർഥങ്ങളിലും 'സുഹ്ദ്' എന്ന പദം ഉപയോഗിക്കാറുണ്ട്. അതിനാൽ സന്യാസത്തോട് താൽപര്യമുള്ള ചിലർ ഇത്തരം ഹദീസുകളെ തങ്ങൾക്കനുകൂലമായ പ്രമാണമായി ചൂണ്ടിക്കാണിക്കാറുണ്ട്. എന്നാൽ അല്ലാഹുവിന്റെ സ്നേഹം നേടണമെങ്കിൽ മനുഷ്യരൊക്കെ സന്യാസം സ്വീകരിക്കണമെന്നല്ല ഈ ഹദീസിന്റെ താൽപര്യം. ഇസ്‌ലാമിൽ സന്യാസമില്ലതന്നെ. ഭൂമിയിലുള്ള വിഭവങ്ങളൊക്കെയും മനുഷ്യർക്കുവേണ്ടി സജ്ജീകരിക്കപ്പെട്ടിട്ടുള്ള ദൈവാനുഗ്രഹങ്ങളാണെന്നും മനുഷ്യർ അത് തേടിപ്പിടിച്ചുകൊള്ളണമെന്നും ഉദ്ബോധിപ്പിച്ചിട്ടുള്ള ഖുർആൻ, അല്ലാഹു അനുവദിച്ചുതന്നിട്ടുള്ള ജീവിതാലങ്കാരങ്ങൾ നിഷിദ്ധമാക്കാൻ ആർക്കും അധികാരമില്ലെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തിരിക്കുന്നു.

എങ്കിൽ പിന്നെ പ്രവാചകൻ ഇവിടെ ഉപദേശിക്കുന്ന 'സുഹ്ദി'ന്റെ താൽപര്യമെന്താണ്? അല്ലാഹു അനുവദിച്ചതിനെ നിഷിദ്ധമാക്കലോ നിഷിദ്ധമാക്കിയതിനെ അനുവദിക്കലോ അല്ല ഇസ്‌ലാം നിർദേശിക്കുന്ന 'സുഹ്ദ്' എന്ന് പണ്ഡിതന്മാർ പണ്ടേ പറഞ്ഞുവച്ചിട്ടുണ്ട്. ഭൗതിക സുഖഭോഗങ്ങളിൽ അത്യാർത്തിയില്ലാതിരിക്കുകയും അല്ലാഹു നിരോധിച്ചവയോട് വിരക്തനാവുകയുമാണ് ഇസ്‌ലാം നിർദേശിക്കുന്ന 'സുഹ്ദ്.' വികാരങ്ങളെയും മോഹങ്ങളെയും നിഗ്രഹിക്കാനല്ല, നിയന്ത്രിക്കാനാണ് അല്ലാഹു കൽപിക്കുന്നത്.

അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കാനുള്ള മാർഗം ദുൻയാവിനോട് വിരക്തനാവുകയാണ് എന്ന് നബി (സ) പറഞ്ഞതിനർഥം, അല്ലാഹുവിന്റെ സ്നേഹം നേടാൻ നിങ്ങൾ ഭൗതിക സുഖഭോഗങ്ങളേക്കാൾ അല്ലാഹുവിനെ സ്നേഹിക്കണം എന്നാണ്. സുഖഭോഗങ്ങളിലുള്ള അത്യാസക്തിയും ദൈവസ്നേഹവും ഒത്തുപോവുകയില്ല. സുഖഭോഗതൃഷ്ണയെ ദൈവാഭീഷ്ടത്തിന് വിധേയമാക്കിയാലേ അല്ലാഹുവിന്റെ സ്നേഹം ലഭിക്കൂ. സുഖങ്ങളാസ്വദിക്കരുതെന്നോ ഭൗതികനേട്ടങ്ങളാഗ്രഹിക്കരുതെന്നോ അല്ലാഹു മനുഷ്യനോട് കൽപിക്കുന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അവന്റെ വിധിവിലക്കുകൾ മാനിച്ചുകൊണ്ട് അനുഭവിച്ചുകൊള്ളാനാണ് പറഞ്ഞിട്ടുള്ളത്. ദാമ്പത്യജീവിതം, ധനസമ്പാദനം തുടങ്ങിയ കാര്യങ്ങളൊക്കെ അല്ലാഹു അനുവദിച്ചിട്ടുള്ളതും പ്രോത്സാഹിപ്പിച്ചിട്ടുള്ളതുമാണ്. അതുകൊണ്ട് അത്തരം കാര്യങ്ങളിലിടപെടുന്നത് പ്രവാചകൻ പഠിപ്പിച്ച സുഹ്ദിന് വിരുദ്ധമാകുന്നില്ല. സ്വൂഫിവര്യന്മാർ എന്നു കേളികേട്ട മഹാന്മാരായ പല 'സാഹിദു'കളും കുടുംബജീവിതം നയിക്കുകയും അധ്വാനിച്ചു ധനം സമ്പാദിക്കുകയും ചെയ്തിരുന്നു. അല്ലാഹു വിലക്കിയ കാര്യങ്ങളോടുള്ള വിരക്തിയും അതിരുകവിഞ്ഞ സുഖഭോഗതൃഷ്ണയിൽനിന്നുള്ള മുക്തിയും തനിക്ക് അല്ലാഹു നൽകിയിട്ടുള്ളതെന്താണോ അതിൽ സംതൃപ്തിയടയുകയുമാണ് യഥാർഥ സുഹ്ദ്. അല്ലാഹുവിന്റെ സ്നേഹവും പ്രീതിയും ഏറ്റവും മഹത്തരവും അമൂല്യവുമായ നേട്ടമായി കാണുന്നവർക്കേ ഈ നിലപാട് അവലംബിക്കാനാവൂ. തന്റെ സ്നേഹത്തെയും പ്രീതിയെയും ജീവിതലക്ഷ്യമായി കാണുന്നവരെ അല്ലാഹു സ്നേഹിക്കാതിരിക്കില്ല.

ആളുകളുടെ സ്നേഹം നേടാനുള്ള മാർഗം അവരുടെ കൈവശമുള്ളതിൽ സുഹ്ദ് അവലംബിക്കുകയാണെന്നാണ് നബി (സ) ഉപദേശിക്കുന്നത്. ഇപ്പറഞ്ഞ സുഹ്ദ് അക്ഷരാർഥ

ത്തിലുള്ള വിരക്തി തന്നെയാണ്. ഓരോ മനുഷ്യനും തനിക്കു വേണ്ടത് സ്വയം പ്രയത്നിച്ച് നേടണം. അതു വേണം അനുഭവിക്കാൻ. ഈ പ്രയത്നത്തിന്റെയും നേട്ടത്തിന്റെയും പ്രേരകം അന്യന്റെ കൈയിലുള്ളതാവരുത്. അപരന്റെ കൈയിലുള്ളത് അല്ലെങ്കിൽ അതിനേക്കാൾ മെച്ചമായത്, അധികമായത്, വിലപിടിപ്പുള്ളത് എനിക്കു വേണം എന്ന ചിന്തയിൽനിന്നാണ് മനുഷ്യർക്കിടയിൽ മാത്സര്യവും അസൂയയും പകയും വിദ്വേഷവുമെല്ലാം വളർന്നുവരുന്നത്. ഒരുവന്റെ പൊന്നിൽ അല്ലെങ്കിൽ മണ്ണിൽ അതുമല്ലെങ്കിൽ പെണ്ണിൽ മറ്റൊരുവന്നുണ്ടാകുന്ന ആർത്തിയാണ് ലോകചരിത്രത്തിലിന്നോളം നടന്നിട്ടുള്ള രക്തച്ചൊരിച്ചിലുകളിൽ മിക്കതിനും കാരണമായിട്ടുള്ളത്.

'ആളുകളുടെ കൈവശമുള്ളതിൽ വിരക്തനാവുക' എന്നാൽ അപരന്റെ കൈയിലുള്ളത് പിടിച്ചുപറിക്കുകയോ ചോദിച്ചുവാങ്ങുകയോ ചെയ്യാതിരിക്കുക എന്നു മാത്രമല്ല താൽപര്യം. മറ്റുള്ളവർക്കുള്ള വിഭവങ്ങളെല്ലാം തനിക്കും വേണം എന്ന് മോഹിക്കാതിരിക്കുക, മറ്റുള്ളവരുടെ കൈവശമുള്ള വിഭവങ്ങളിൽ താൽപര്യമില്ലാതിരിക്കുക എന്നു കൂടിയാണ്. ഉപഭോഗാസക്തിക്കെതിരായ ഒരു ഉപദേശമായും ഇതിനെ കാണാം. യഥാർഥത്തിൽ ആവശ്യമുള്ളതാണെങ്കിലും അല്ലെങ്കിലും അപരൻ ഉപയോഗിക്കുന്നത്, എന്നല്ല അതിനേക്കാൾ വിലപിടിച്ചത് തനിക്കും ഉപയോഗിക്കണമെന്ന ഭ്രമമാണ് ഉപഭോഗാസക്തിയെ വളർത്തുന്നത്. ചില ഉപഭോഗവസ്തുക്കളുടെ ഉൽപാദകർ 'നിങ്ങളുടെ അയൽക്കാരനെ അസൂയാലുവാക്കാൻ ഏറ്റം പറ്റിയത്' എന്നുദ്ഘോഷിച്ചുകൊണ്ടാണിന്ന് അവരുടെ ചരക്കുകൾ വിപണനം ചെയ്യുന്നത്. തനിക്കു വേണ്ടതും വേണ്ടാത്തതും അപരന്റെ കൈവശമുള്ളതിനെ ആശ്രയിച്ചു തീരുമാനിക്കുന്ന സമൂഹത്തിൽ ഇത്തരം പരസ്യങ്ങൾ ഭയങ്കരമായ ഫലമുണ്ടാക്കുകതന്നെചെയ്യും.

അന്യരുടെ യാതൊന്നും കൊതിക്കാതെ, അവനവന്റെ ആവശ്യങ്ങൾ സ്വയം തീരുമാനിക്കുകയും സ്വന്തം പ്രയത്നഫലം കൊണ്ട് അവ നിവർത്തിക്കുന്നതിൽ ആനന്ദം കണ്ടെത്തുകയും ചെയ്യുന്ന ആളുകൾക്ക് ശത്രുക്കളുണ്ടാവില്ല. എന്റെ ആഗ്രഹങ്ങൾക്ക് വിലങ്ങുതടിയാവാത്തവനും എന്റെ കൈവശമുള്ള യാതൊന്നിലും താൽപര്യമില്ലാത്തവനും വിഹിതമായ ഏതു കാര്യത്തിലും എന്നെ സഹായിക്കുന്നവനുമാണ് നിങ്ങളെങ്കിൽ നിങ്ങളെ സ്നേഹിക്കാനല്ലാതെ മറ്റെന്തിനാണ് എനിക്കു കഴിയുക!